**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4588** **02-07-2024 - ൽ മറുപടിയ്ക്ക്**

**സ്വാഭാവിക വനങ്ങളുടെയും ആവാസ വ്യവസ്ഥയുടെയും പുന:സ്ഥാപനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വനഭൂമിയിൽ എത്ര ഹെക്ടർ വിദേശ ഏകവിളത്തോട്ടങ്ങളും തേക്ക് തോട്ടങ്ങളും നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ വനഭൂമിയിൽ ഉദ്ദേശം 76,898.112 ഹെക്ടർ തേക്ക് തോട്ടങ്ങളും 17396.397 ഹെക്ടർ വിദേശ ഏകവിളത്തോട്ടങ്ങളും നിലവിലുണ്ട്. |
| (ബി) | സ്വാഭാവിക വനങ്ങളുടെയും ആവാസ വ്യവസ്ഥയുടെയും പുന:സ്ഥാപനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വിവരം ലഭ്യമാക്കാമോ? | (ബി) | കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനത്തിന് ഒരു നയരേഖ അംഗീകരിച്ചുകൊണ്ട് 17.12.2021-ൽ സർക്കാർ ഉത്തരവ് (കൈ) നമ്പർ 29/2021/വനം തീയതി പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം പരിസ്ഥിതിക്കും, ആവാസ വ്യവസ്ഥക്കും ദോഷകരമായതും കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, മാഞ്ചിയം തുടങ്ങിയ വിദേശ വൃക്ഷങ്ങളും അവ അടങ്ങിയ ഏകവിള തോട്ടങ്ങളും ഘട്ടം ഘട്ടമായി നീക്കം ചെയ്ത് സ്വാഭാവിക വനങ്ങളായി പുന:സ്ഥാപനം നടത്തുവാൻ വിഭാവനം ചെയ്തിട്ടുണ്ട്. ആയതിന്റെ ഭാഗമായി നബാർഡ്/ ആർ.കെ.ഡി.പി പദ്ധതികളിൽ ഉൾപ്പെടുത്തി 5585.57 ഹെക്ടർ സ്ഥലത്ത് വിവിധ സർക്കിളുകളിലായി ടി പ്രവർത്തികൾ നടപ്പിലാക്കി വരുന്നു. കൂടാതെ വന്യജീവികളുടെ ഭക്ഷ്യലഭ്യത വർദ്ധിപ്പിക്കുന്നതിനായി കാട്ടിനുള്ളിൽ തന്നെ ഫലവൃക്ഷങ്ങളും അതോടൊപ്പം ഇക്കോറെസ്റ്റോറേഷന്റെ ഭാഗമായി വന്യമൃഗങ്ങൾക്ക് ജലത്തിന്റെയും, ഭക്ഷണത്തിന്റെയും ലഭ്യത ഉറപ്പുവരുത്തുന്നതിന് മുള, ഈറ്റ, പ്ലാവ്, നെല്ലി, കമ്പകം, പൂവം, താന്നി, വേപ്പ്, കുമ്പിൾ, ഞാവൽ, വട്ട, സീതപഴം, മാവ്, പുന്ന, കണിക്കൊന്ന, മലവേപ്പ് തുടങ്ങിയ സസ്യങ്ങൾ 1346.54 ഹെക്ടർ സ്ഥലത്ത് ഇതിനൊടകം തന്നെ വച്ച് പിടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ